ശ്രീ. പി. എൻ. പദ്മനാഭൻ: അവരുമായിട്ടുള്ള കരാർ പരിശോധിക്കണമെന്ന് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി പറയാൻ കാരണമെന്താണ്?

ശ്രീ. പി. രവീന്ദ്രൻ: ഈ കരാറിലെ ചില വ്യവസ്ഥകൾ ലംഘിക്കപ്പെട്ടു എന്നുള്ളതിനെ സംബന്ധിച്ചും മുള കൊടുക്കുന്ന റേറിനെ സംബന്ധിച്ചുമൊക്കെ പരിശോധിക്കണമെന്ന് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിക്കുതോന്നി. അങ്ങനെ ഈ സഭയുടെ മുമ്പിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ എല്ലാം വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഇതിനെ സംബന്ധിച്ചിടത്തോളം പരിഗണനയിലിരിക്കുകയാണെന്നു പറഞ്ഞു. വളരെക്കാലമായിട്ടു തർക്കത്തിലിരിക്കുന്ന ഒരു പ്രശ്നം ഇനിയും നീട്ടിക്കൊണ്ടു പോകുന്നത് സ്റ്റേറ്റിന് ദോഷകരമാണെന്നുള്ളതിനെ പരിഗണിച്ച് എത്ര ദിവസത്തിനകം പരിഗണന പൂർത്തിയാക്കുമെന്നും എത്ര ദിവസത്തിനകം ഇതിനെ സംബന്ധിച്ച് അവസാന തീരുമാനമെടുക്കുമെന്നും പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഈ റിപ്പോർട്ട് ഗവൺമെൻറിന്റെ കൈയ്യിൽ കിട്ടിയിട്ട് ഏതാനും ദിവസങ്ങളെ ആയുള്ളു.

വ്യവസായ വകുപ്പിൽ നടക്കുന്ന അഴിമതിക്കഥ

* 142 (503) ശ്രീ. എം. കെ. എ. ഹമീദ്
,, എ. എസ്. പുരുഷോത്തമൻ
,, കെ. ഐ. രാജൻ
,, എം. കെ. കൃഷ്ണൻ
,, എസ്. ദാമോദരൻ
,, ടി. കെ. കൃഷ്ണൻ
,, കെ. ചാത്തുണ്ണിമാസ്റ്റർ
,, വി. വി. ദക്ഷിണാമൂർത്തി
,, വി. ശ്രീധരൻ
,, ടി. കെ. രാമകൃഷ്ണൻ
,, മുസ്തഫാകെമാൽ
,, സി. കെ. ബാലകൃഷ്ണൻ:

താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സഭയെ മറുപടിനൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിൽ നടക്കുന്ന ഗുരുതരമായ അഴിമതികൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള സോപ്സ് ആൻഡ് ഓയിൽസ് ലിമിറ്റഡിൽ ഓയിൽ ഡിവിഷൻ സൂപ്രണ്ടിന്റെ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു എന്നറിയുന്നത് ശരിയാണോ;

(സി) ആണെങ്കിൽ പ്രസ്തുത പോസ്റ്റിനുവേണ്ട വിദ്യാഭ്യാസയോഗ്യതകളും പ്രായോഗികപരിചയവും എന്തൊക്കെ ആയിരുന്നു;

(ഡി) പ്രസ്തുത പോസ്റ്റിനുവേണ്ടി അപേക്ഷിച്ചിരുന്ന ഓരോരുത്തരുടെയും വിദ്യാഭ്യാസയോഗ്യതകളും പരിചയവും മറ്റും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പോസ്റ്റിനുവേണ്ടി നിയമിക്കപ്പെട്ടതാരെയാണ്;

(എഫ്) വിദ്യാഭ്യാസയോഗ്യതയും പരിചയവും മറ്റും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പ്രസ്തുത പോസ്റ്റിനുവേണ്ടി ഇന്റർവ്യൂ നടത്തിയതാരൊക്കെ ആയിരുന്നു;

(എച്ച്) ആരൊക്കെ ആയിരുന്നു ഇന്റർവ്യൂവിനു ഹാജരായവർ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ഇല്ല.

(ബി) ശരിയാണു്.

(സി) ബി.എസ്.സി.; ഫാർമസി, ഒരു ഫാർമാസ്യൂട്ടിക്കൽ കമ്പനിയിൽ രണ്ടുവർഷത്തെ പരിചയവും കമ്പ്യൂട്ടേഷൻ വർക്കിൽ മതിയായ അറിവും.

† (ഡി) സ്റ്റേറ്റുമെന്റ് അനുബന്ധമായിചേർത്തിട്ടുണ്ട്.

(ഈ) ശ്രീ. പി. രാമനാഥൻ, ബി.എസ്സി. ബി ഫാർമസി, ബാംഗ്ലൂർ.

(എഫ്) ഡി.എസ്.ബി. ഫാർമസി, ഒരു ഫാർമസ്യൂട്ടിക്കൽ കമ്പനിയിൽ 10 വർഷം ചീഫ്കെമിസ്റ്റായി ജോലിനോക്കിയപരിചയം. കമ്പ്യൂട്ടേഷൻ വർക്ക്സിൽ നല്ല അറിവ്.

(ജി) ശ്രീ. എ. ഐ. ജോർജ് ഫിഷറീസ് ഡയറക്ടർ; ശ്രീ. റ്റി. ആർ. എസ്. സഹസ്രനാമം, കമ്പനി ഡയറക്ടർ,
ശ്രീ. സി.ആർ. വർമ്മ, മാനേജിംഗ് ഡയറക്ടർ, ഹയിലീൻ ഫാർമസ്യൂട്ടിക്കൽസ്, സാങ്കേതികമെംബർ, ശ്രീ. കെ. കൃഷ്ണൻകുട്ടിനായർ, ജനറൽമാനേജർ, ഉൾപ്പെട്ട ഒരു കമ്മിറ്റിയാണ്.

(എച്ച്) ശ്രീ. രാമനാഥൻ, ശ്രീ. ചന്ദ്രശേഖരൻ, തൃശ്ശൂർ മാത്രമാണ് ഹാജരായവർ.

ശ്രീ. എം. കെ.എ. ഹമീദ്: സർ, ഈ പറഞ്ഞവ്യക്തിയുടെ നിയമനം ശരിയായിട്ടല്ല നടന്നത് എന്നുകാണിച്ച് ആ കമ്പനിയിലെ ജീവനക്കാരിൽ നിന്ന് ബഹുമാനപ്പെട്ട മന്ത്രിക്കു പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഒരു പരാതി എനിക്കു കിട്ടിയിരുന്നു. ആ പരാതിയെ സംബന്ധിച്ച് അന്വേഷിച്ച് രണ്ടു ദിവസത്തിനകം റിപ്പോർട്ട് തരണമെന്ന് ആവശ്യപ്പെട്ടു. ആ റിപ്പോർട്ട് പരിശോധിച്ചപ്പോൾ കിട്ടിയ വിവരങ്ങൾ ആണ് ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത്.

ശ്രീ. എം. കെ. എ. ഹമീദ്: ഈ നടന്നത് എന്നാണെന്ന് ദയവായിട്ട് പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: ഈ നിയമനം നടന്നത് ഡിസംബർ മാസം 31—ാം തീയതിയാണ്.

ശ്രീ. എം. കെ. എ. ഹമീദ്: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കമ്പനികളിൽ നിയമനങ്ങൾ നടത്തരുതെന്ന് നിർദ്ദേശം കൊടുത്തതായി ബഹുമാനപ്പെട്ടമന്ത്രി കഴിഞ്ഞ സമ്മേളനത്തിൽ പറയുകയുണ്ടായി. ആ പരിതഃസ്ഥിതിയിൽ ഈ നിയമനം നടത്തുവാനുള്ളസാഹചര്യം എന്തായിരുന്നു?

ശ്രീ. പി. രവീന്ദ്രൻ: ഈ ഒഴിവ് ഉള്ളതായി ജൂലൈമാസത്തിൽആണ് നോട്ടിഫൈ ചെയ്തത്. 30—12—1969—ൽ ആണ് നിയമനം നടന്നത്. ഗവൺ

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

മെൻറുടമയിലുള്ള കമ്പനികളിലെ നിയമനം പി.എസ്.സി.ക്ക് വിടാനുള്ള നിർദ്ദേശം കൊടുത്തത് 20–1–1970 –ൽ ആണ്.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ശ്രീ. ടി. വി. തോമസ് വ്യവസായ മന്ത്രിയായിരിക്കുമ്പോഴും ടി. സി. സി. തുടങ്ങിയ കമ്പനികളിൽ നടത്തിയ നിയമനങ്ങളിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അഴിമതി നടന്നതായി എനിക്ക് അറിവില്ല. ഈ ചോദ്യത്തിൽ നിന്ന് അത് ഉദിക്കുന്നുമില്ല.

ശ്രീ. കെ. ഐ. രാജൻ: ഇൻറർവ്യൂവിന് ക്ഷണിച്ച കൂട്ടത്തിൽ കെമിസ്ട്രിമെയിൻ എടുത്തുപാസായ 25 കൊല്ലം സർവ്വീസിലുള്ള ആളെ മന:പ്പൂർവ്വം മാറ്റിനിറുത്തിയതിനെക്കുറിച്ച് അന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഗ്രാഡുവേഷൻ ഇൻ ഫാർമസി എന്നത് പ്രധാനപ്പെട്ട ഒരു യോഗ്യതയാണ്. ബഹുമാനപ്പെട്ട മെമ്പർപറഞ്ഞ ആളിന് ഈ പരീക്ഷായോഗ്യതയുണ്ടായിരുന്നില്ല. ഇതിൽ യോഗ്യതയെല്ലാം നോക്കിത്തന്നെയാണ് നിയമനം നടത്തിയിട്ടുള്ളത്.

ശ്രീ. എം. കെ. കൃഷ്ണൻ: ഈ ജോലിക്ക് അപേക്ഷിച്ചിരുന്നവരിൽ ആരെയെങ്കിലും ഇൻറർവ്യൂവിന് ക്ഷണിച്ചിട്ടില്ലെന്നുള്ള പരാതി ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: നിശ്ചിത ക്വാളിഫിക്കേഷൻ ഇല്ലാതിരുന്ന ആരെയെങ്കിലും വിളിക്കാതെ ഇരുന്നിട്ടുണ്ടോ എന്നു ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: പരാതി കിട്ടിയിട്ടുണ്ടോ എന്നാണ് എൻറെ ചോദ്യം?

ശ്രീ. പി. രവീന്ദ്രൻ: പരാതി കിട്ടിയിട്ടില്ല.

ശ്രീ. എസ്. ദാമോദരൻ: ഈ സ്ഥാനത്ത് ഇപ്പോഴും നിയമിച്ചിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞആളിന് കൂടുതൽ യോഗ്യതയുള്ളതുകൊണ്ടാണോ? കൂടുതൽ യോഗ്യത എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: ഏറ്റവും കൂടുതൽ പരീക്ഷായോഗ്യതയും ഏറ്റവും കൂടുതൽ പരിചയവും ഉള്ള ആളെയാണ് നിയമിച്ചിട്ടുള്ളത്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: പുതിയതായി പ്രത്യേകമായ വല്ല യോഗ്യതയും നിശ്ചയിച്ചിട്ടുണ്ടോ? അതല്ല മുമ്പുണ്ടായിരുന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണോ ഇൻറർവ്യൂ നടത്തിയത്?

ശ്രീ. പി. രവീന്ദ്രൻ: ഞാൻ നേരത്തെ പറഞ്ഞ അത്രയും യോഗ്യത ആവശ്യമുണ്ട്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: പൊതുമേഖലാസ്ഥാപനങ്ങളിൽ നിയമനങ്ങൾ ഉണ്ടാകുമ്പോൾ പ്രിസ്പ്രൈബ്ഡ് ക്വാളിഫിക്കേഷൻ സർവ്വീസിലുള്ള ആളുകൾക്ക് ഉണ്ടെങ്കിൽ അവർക്ക് മുൻഗണന കൊടുക്കുന്നതിന് ഗവൺമെൻറ് ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: സാധാരണ ഇങ്ങനെ ചെയ്തു വരാറുണ്ട്. മേലാൽ എല്ലാ നിയമനങ്ങളും പി.എസ്.സി. ആണ് നടത്തുന്നത്. അതിനാൽ ആ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: കൃാപ്സുലേഷൻ പ്രവർത്തനത്തിൽ പരിചയമുള്ള ഒരാൾ ഇല്ലാതിരുന്നതുകൊണ്ടാണ് വളരെക്കാലമായി ആ പ്ലാൻറ് വെറുതെ കിടന്നിരുന്നതെന്നു പറഞ്ഞു. ഇപ്പോൾ ആ പ്ലാൻറിലേക്ക് ഒരാളെ നിയമിച്ചിരിക്കുന്നതുകൊണ്ട് അതിൻെറ പ്രവർത്തനം കാര്യക്ഷമമാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ആ മിഷിനറി പ്രവർത്തിപ്പിക്കുന്നതിലേക്കാണ് ഈ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുള്ളത്.

ശ്രീ. പി. കുഞ്ഞൻ: ഒരു പ്രാമാണികനായ നേതാവിൻെറ നിർദ്ദേശപ്രകാരമാണ് ഈ രാമനാഥനെ നിയമിച്ചതെന്നു വ്യക്തമായ തെളിവ് തന്നാൽ അന്വേഷിക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: കിട്ടിയ അപേക്ഷകരെ പരിശോധിച്ചു നോക്കിയതിൽ കൂടുതൽ പരീക്ഷായോഗ്യതയും പ്രായോഗിക പരിജ്ഞാനവും ഉള്ള യാളെയാണ് നിയമിച്ചത്.

അദ്ധ്യാപകരുടെ നിവേദനം

* 143 [504] ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടിനൽകുമോ:

(എ) കെ.ഇ.ആർ. XIV ബി ഓപ്റ്റ് ചെയ്ത അദ്ധ്യാപകർ ഗവൺമെൻറിലേക്ക് എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാം;

(സി) അതു സംബന്ധിച്ച് എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്നു വിശദമാക്കാമോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ)

(എ) ഉണ്ട്.

(ബി) (1) 14 ബിയും 14 സിയും അദ്ധ്യായങ്ങളിലെ റൂളുകൾ ഓപ്റ്റുചെയ്തിട്ടുള്ള അദ്ധ്യപകർക്ക് തമ്മിൽ മാസവരുമാനത്തിലും സേവന വ്യവസ്ഥകളിലും ഉള്ള അന്തരം ഇല്ലായ്മ ചെയ്യുക.

(2) പെൻഷൻ കമ്മ്യൂട്ട് ചെയ്യുവാൻ അനുവദിക്കുക.

(3) സർവ്വീസിൽ പ്രവേശിച്ച ദിവസം മുതൽ സർവ്വീസിൽനിന്നു വിരമിക്കുന്ന കാലം വരെയുള്ള കാലം പെൻഷന് കണക്കാക്കുക.

(4) സർവ്വീസിലുള്ള ബ്രേക്കുകളും ശമ്പളമില്ലാത്ത അവധികളും സർവ്വീസ് പീരിയേഡ് ആയി കണക്കാക്കുക.

(5) Liberalised Family Pension തങ്ങൾക്കും ബാധകമാക്കുക. എന്നിവയാണ് പ്രധാന ആവശ്യങ്ങൾ.

(സി) മേൽകാണിച്ച ആവശ്യങ്ങൾ ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly